# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -96 | 26.09..2016-ൽ മറുപടിക്ക്

## പ്ലസ് വൺ പ്രവേശനത്തിന് തലവരിപ്പണം

**ചോദ്യം**

**ശ്രീ.പി.സി.ജോർജ്**

എ) കോട്ടയം ജില്ലയിലെ എരുമേലി സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ മാനേജ് മെന്റ് പ്ലസ് വൺ പ്രവേശനത്തിന് വാങ്ങിയ തലവരിപ്പണം തിരികെ ലഭിക്കുന്നതിനായി കുമാരി ഷിഫാന ഫാത്തിമ എന്ന കുട്ടിയുടെ പിതാവ് ശ്രീ. സലീം, കണ്ണൻകര വീട്, എരുമേലി,കോട്ടയം എന്നയാൾ 5-8-2016-ാം തീയതി ഒരു എം.എൽ.എയുടെ ശുപാർശകത്തോട്ടുകൂടി (Letter No.MLA PNJR /GP/33/2016-17 ) വിദ്യാഭ്യാസ മന്ത്രിയ്ക്ക് നൽകിയ പരാതി 2016 ആഗസ്റ്റ് മാസം അവസാനം മുഖ്യമന്ത്രിയ്ക്ക് അടിയന്തര നടപടിയ്ക്കായി നൽകിയതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിയ്ക്കുമോ ;

**മറുപടി**

**ശ്രീ. പിണറായി വിജയൻ (മുഖ്യ മന്ത്രി)**

എ) ഹയർ സെക്കൻഡറി പ്രവേശനത്തിന് എരുമേലി സെന്റ് തോമസ് ഹൈസ്കൂൾ മാനേജ് മെന്റ് 50,000/- രൂപ കോഴ വാങ്ങിയതായി ആരോപിച്ച് ശ്രീ. സലിം കണ്ണൻകര ശ്രീ.പി.സി.ജോർജ് എം.എൽ.എ മുഖാന്തിരം സമർപ്പിച്ച പരാതിയിന്മേൽ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് അടിയന്തിരമായി സർക്കാരിലേക്ക് സമർപ്പിക്കുവാൻ വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

| | |
|---|---|
| ബി) കേരളത്തിലെ പല വിദ്യാഭ്യാഭ്യാസ മാനേജ് മെന്റുകളും തലവരിപ്പണം വാങ്ങുന്നതിനാൽ അവ കൊടുക്കാൻ സാധിക്കാത്ത മിടുക്കരായ പല പാവപ്പെട്ട വിദ്യാർത്ഥികൾക്കും ഉപരിപഠനത്തിന് പോകുവാൻ സാധിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | ബി) യും സി) യും തലവരിപ്പണം വാങ്ങുന്ന മാനേജ് മെന്റുകൾക്ക് എതിരെ ഉചിതമായ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |
| സി) ഇങ്ങനെ തലവരിപ്പണം വാങ്ങുന്ന മാനേജ് മെന്റുകളുടെ വിവരം വെളിപ്പെടുത്താൻ പല രക്ഷിതാക്കളും മടികാണിക്കുന്ന സാഹചര്യത്തിൽ ഇതിന്റെ സത്യാവസ്ഥ വെളിച്ചത്തുകൊണ്ടുവരുവാൻ ഇതുസംബന്ധിച്ച് പോലീസ് വകുപ്പിനെകൊണ്ട് അടിയന്തര അന്വേഷണം നടത്തുവാൻ സർക്കാർ തയ്യാറാകുമോ ? | |

സെക്ഷൻ ഓഫീസർ